പ്രത്യേകമായ ഒരു സമീപനം സ്വീകരിച്ചേ മതിയാകൂ. കാരണം ഗവൺമെന്റിന്റെ പരിപാടികൾ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ കിട്ടുന്നതിനുവേണ്ടി അവശരേതായ ഒരു ഇനിഷ്യേറ്റീവ് ഉണ്ടാകുന്നില്ല. നമ്മൾ അങ്ങോട്ടുകൊണ്ട് കൊടുക്കേണ്ടി വരും. ആ രീതിയിലുള്ള ഒരു സമീപനം അക്കാര്യത്തിൽ എടുത്തേ മതിയാകൂ. അട്ടപ്പാടി, വയനാട് തുടങ്ങിയ ആദിവാസി കേന്ദ്രങ്ങളിലും ഒറ്റപ്പെട്ടുകഴിയുന്ന കോളനികളിലും അങ്ങനെ ഒരു സമീപനമുണ്ടാക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

4. ട്രാവൻകൂർ റയോൺസിന്റെ ഭൂമിയിൽ പുതിയ സംരംഭങ്ങൾ

<u>ശ്രീ. സാജു പോൾ</u>: സർ, കേരളത്തിന്റെ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് ഞാൻ ഈ സഭയിൽ നിരവധി പ്രാവശ്യം ഉന്നയിച്ച വിഷയമാണിത്. പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് പതിമൂന്നര വർഷമായി പൂട്ടിക്കിടക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അധികാരത്തിലേറിയ ഉടനെ തന്നെ അടച്ചതാണ്. അന്ന് 1400 തൊഴിലാളികളുണ്ടായിരുന്നു. 1992-നുശേഷം പിരിഞ്ഞുപോയവരുൾപ്പെടെ 2060 പേർക്കായി ലഭിക്കാനുള്ള ആനുകൂല്യങ്ങൾ കുടിശ്ശികയാണ്. പലരും മരിച്ചു പോയി. നിരവധി പേർ ആത്മഹത്യ ചെയ്തു. പുനരുദ്ധാരണ പദ്ധതികളൊന്നും നടപ്പിലായില്ല. മുൻസർക്കാർ ഇത് ഏറ്റെടുക്കാനുള്ള ഓർഡിനൻസ് കൊണ്ടുവന്നെങ്കിലും ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരം കിട്ടിയില്ല. 5000 രൂപ വീതം 2009 മുതൽ കൊടുത്തിട്ടുണ്ട്. തൊഴിലാളികളുടെ ആനുകൂല്യങ്ങളും ബാങ്ക്-ധനകാര്യ സ്ഥാപനങ്ങളുടെ ബാധ്യതകളും കൊടുത്തുതീർത്താൽ 67 ഏക്കർ സ്ഥലം വ്യവസായ ആവശ്യത്തിനായി ലഭിക്കും. റയോൺസിന്റെ പ്രശ്നത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും ട്രേഡ് യൂണിയൻ നേതാക്കളും സർക്കാരിനൊപ്പമുണ്ടാകും. മുമ്പ് സർക്കാർ, തീരുമാനമെടുക്കേണ്ട അവസ്ഥയായിരുന്നുവെങ്കിൽ ഇന്ന് എടുത്ത തീരുമാനത്തിലെ ഉത്തരവ് നടപ്പാക്കിയാൽ മതിയാകും. റയോൺസിന്റെ ബാധ്യതകൾ കിൻഫ്രയുടെ ബഡ്ജറ്റ് ഉപയോഗിച്ച് തീർപ്പാക്കുന്നതിനും കമ്പനിയുടെ കൈവശമുള്ള ഭൂമിയും ആസ്തികളും വ്യവസായ പാർക്കിനായി കിൻഫ്രയ്ക്ക് കൈമാറുന്നതിനും തത്വത്തിൽ അംഗീകാരം നൽകി ജി.ഒ. (എംഎസ്.) നമ്പർ 42/2014/വ്യവ. നമ്പരായി 24-3-2014-ൽ ഉത്തരവിറങ്ങിയതാണ്. 14-ാം ലോകസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുന്നതുവരെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ പാടില്ലെന്നും ഉത്തരവിലുണ്ട്. തെരഞ്ഞെടുപ്പ് കഴിഞ്ഞ് ആറുമാസവും ഉത്തരവിറങ്ങി 8 മാസവും കഴിഞ്ഞു. ഇക്കാര്യത്തിൽ ഒരു തീരുമാനം എത്രയും പെട്ടെന്നുണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ, ധനകാര്യ വകുപ്പുമന്ത്രിമാരും ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധ നൽകി ഇത് പരിഹരിച്ചാൽ 67 ഏക്കർ സ്ഥലത്ത് പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരാൻ സാധിക്കും. അത് കേരളത്തിന് വലിയ മുതൽക്കൂട്ടായിരിക്കുമെന്ന കാര്യം വളരെ വിനയപൂർവ്വം അറിയിക്കുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ടാവൻകൂർ റയോൺസിന്റെ ഭൂമി ഏറ്റെടുക്കാനുള്ള ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലം കിൻഫ്ര ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഫണ്ട് കണ്ടെത്തുന്നതിന് ബുദ്ധിമുട്ടുണ്ടാകില്ല. നടപടിക്രമങ്ങളെല്ലാം പൂർത്തിയായിട്ടുണ്ട്. ഇതുസംബന്ധിച്ച് കോടതിയിൽ നിലനിൽക്കുന്ന കേസ് വേഗം തീർക്കുന്നതിന് അഡ്വക്കേറ്റ് ജനറലിനോട് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ]

5. മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖലയിൽ നിയമം

ശ്രീ. എ. പ്രദീപ്കുമാർ: സർ, മൾട്ടിലെവൽ മാർക്കറ്റിംഗ് രംഗത്തുള്ള ചില പ്രശ്നങ്ങളാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. മൾട്ടിലെവൽ മാർക്കറ്റിംഗ് ഇന്ത്യയിൽ വികസിച്ചുവരുന്ന മേഖലയാണ്. പതിനായിരക്കണക്കിന് അഭ്യസ്ത വിദ്യരായ തൊഴിലാളികൾ ഈ രംഗത്ത് ജോലി ചെയ്തുവരുന്നുണ്ട്. മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖലയിൽ മിക്ക രാജ്യങ്ങളിലും നിയമങ്ങളുണ്ടായിട്ടുണ്ടെങ്കിലും ഇന്ത്യയിൽ അത്തരമൊരു നിയമം ഉണ്ടായിട്ടില്ല. ജനങ്ങളെ കബളിപ്പിക്കുന്ന മണിചെയിൻ പോലുള്ള തട്ടിപ്പുകൾ അരങ്ങേറുന്നത് ഈ സാഹചര്യത്തിലാണ്. അതുകൊണ്ടു തന്നെ മൾട്ടിലെവൽ മാർക്കറ്റിംഗ് രംഗത്ത് ന്യായമായി ജോലി ചെയ്യുന്നവരെ സംരക്ഷിക്കാൻ ഒരു നിയമം വേണമെന്ന് തൊഴിലാളി സംഘടനകൾ നേരത്തേ ആവശ്യപ്പെട്ടുവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വ്യവസായ വാണിജ്യ വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ട്രേഡ് യൂണിയൻ പ്രതിനിധികൾ പങ്കെടുത്ത യോഗത്തിൽ ഒരു നിയമം ഉണ്ടാക്കുമെന്ന് സർക്കാർ നേരത്തെ ഉറപ്പ് നൽകിയിട്ടുണ്ടായിരുന്നു. ഈ തീരുമാനം ഉണ്ടായിട്ട് ഒരു വർഷം പിന്നിട്ടിട്ടും നിയമനിർമ്മാണം നടത്തിയിട്ടില്ല. മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖലയെ ക്രമീകരിക്കാനും തൊഴിലാളികൾക്ക് സംരക്ഷണം ലഭിക്കാനുമുതകുന്ന ഒരു നിയമം ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സി.ഐ.ടി.യു.-ന്റെ നേതൃത്വത്തിൽ തൊഴിലാളികൾ ഇന്ന് നിയമസഭാ മാർച്ച് നടത്തുകയാണ്. അതുകൊണ്ട് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തീരുമാനിച്ച കാര്യങ്ങൾ എത്രയുംവേഗം നടപ്പിലാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly